**"ഭരണഭാഷ – മാതൃഭാഷ"**

**നമ്പർ. ഒ&എം (1)/20694/2019/ഡി.ജി.ഇ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : **04/06/2019**

## <u>പരിപത്രം</u>

**വിഷയം** : പൊതുവിദ്യാഭ്യാസം – ഹയർ സെക്കൻഡറി വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പുകളുടെ സംയോജനം – മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന** : ഗവൺമെന്റ് ഉത്തരവ് (കൈ) നമ്പർ 53/2019/പൊ.വി.വ തീയതി: 31-05-2019.

******

സംസ്ഥാനത്തെ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും പുന:സംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ സംവിധാനങ്ങളായ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് (Directorate of Public Instruction - DPI) ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് (Directorate of Higher Secondary Education - DHSE) വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് (Vocationel Higher Secondary Directorate - VHSE) എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള പൊതുവിദ്യാഭ്യാസ വകുപ്പ് Director of General Education (പൊതുവിദ്യാഭ്യാസ ഡയറക്ടർ) ന്റെ അധീനതയിൽ ആയിരിക്കും.

മൂന്നു തലങ്ങളിലായി നടന്നിരുന്ന പൊതു പരീക്ഷകൾ (SSLC, HSE, VHSE) ഇനി പരീക്ഷാ കമ്മീഷണർ (Commissioner for Government Examinations)-ടെ നിയന്ത്രണത്തിലാകും നടക്കുക. Director of General Education നെ പരീക്ഷാ കമ്മിഷണറായും നിയമിച്ചിട്ടുണ്ട്.

2019-20 അധ്യയനവർഷം മുതൽ നടപ്പിൽ വരുന്ന ഈ പൊതു സംവിധാനത്തിൽ ഇപ്പോഴുള്ള ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങൾ മാറ്റമില്ലാതെ തുടരും. ഉപജില്ലാ, ജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ, ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, ഹയർ സെക്കൻഡറി തലത്തിലുള്ള റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ, വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ അസിസ്റ്റന്റ് ഡയറക്ടറേറ്റുകൾ എന്നിവയുടെ നിലവിലുള്ള സ്ഥിതി തുടരുന്നതാണ്.

(മറുപുറം)

വിദ്യാഭ്യാസ വകുപ്പു തലവനുമായി ബന്ധപ്പെടുന്ന എല്ലാ കത്തിടപാടുകളും ഇനിമുതൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ (Director of General Education - DGE) ജഗതി, തിരുവനന്തപുരം - 14 എന്ന വിലാസത്തിൽ വേണം അയയ്ക്കേണ്ടത്. വകുപ്പിന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം dgekerala2019@gmail.com ആയിരിക്കും.

സംയോജിത സംവിധാനത്തിലേക്ക് മാറ്റപ്പെടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകൾ പൂർണ്ണമായോ ഭാഗികമായോ ഉൾപ്പെടുന്ന സ്കൂളുകളുടെ പൊതു ചുമതലയും ഹയർ സെക്കൻഡറി വിഭാഗത്തിന്റെ അക്കാദമിക ചുമതലയും ഹയർ സെക്കണ്ടറി പ്രിൻസിപ്പാളിനായിരിക്കും. ഇത്തരം സ്കൂളുകളിലെ 'ഹെഡ്മാസ്റ്റർ' തസ്തിക 'വൈസ് പ്രിൻസിപ്പാൾ' എന്ന് പുന:നാമകരണം ചെയ്തിട്ടുണ്ട്. ഇതിനനുസൃതമായ ഭരണപരമായ അനുബന്ധ ക്രമീകരണങ്ങൾ തുടർ അറിയിപ്പുകളിലൂടെ നൽകുന്നതാണ്. ഹയർ സെക്കൻഡറി ഇല്ലാത്ത സ്കൂളുകളിൽ തൽസ്ഥിതി തുടരും.

ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കൻഡറി വിഭാഗത്തിന് കൂടി ബാധകമാകുന്ന രീതിയിൽ പുന:ക്രമീകരിക്കേണ്ടതാണ്. ശമ്പള വിതരണത്തിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതുവരെ ഇപ്പോഴുള്ള രീതി തുടരാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

അസ്സൽ

1) എല്ലാ റിജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (ഹയർ സെക്കൻഡറി വിഭാഗം)
2) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (സ്കൂൾ വിദ്യാഭ്യാസ വിഭാഗം)
3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും. (വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം)

പകർപ്പ് :

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

എ.സി-